**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം : – ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – നന്ദിയോട് ഗ്രാമപഞ്ചായത്ത് – കുറുപുഴ വില്ലേജിൽ – പെട്രോൾ പമ്പ് നിർമ്മാണം –കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്

പരാമർശം :– 1. നന്ദിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.12.2020 ലെ എ 4/6782/2020 നമ്പർ കത്ത്.

2. ശ്രീ.ജിതിൻ ബാബു ൻറെ 28.07.2021, 27.11.2021 എന്നീ തീയതി കളിലെ അപേക്ഷകൾ

**ഉത്തരവ് നമ്പർ TCPTVM/609/2021-D തീയതി 07/12/2021**

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ കുറുപുഴ വില്ലേജിൽ റീ സർവ്വേ നമ്പർ 56/18 ൽ ഉൾപ്പെട്ട 22.10 ആർ വിസ്തീർണ്ണമുള്ള വസ്തുവിൽ സ്വഭാവ വ്യതിയാനം വരുത്തിയ 16.19 ആർ പുരയിടത്തിൽ Hindustan petroleum corporation Ltd ന് 300 ച മീ വിസ്തീർണത്തിൽ Canopy area ഉള്ള group I occupancy യിൽ ഉൾപ്പെടുന്ന ഒരു fuel filling station നിർമ്മിക്കുന്നത്തിനു ആകെ 398.74 ച മീ Built-up area ഉള്ള കെട്ടിടങ്ങൾ ഉൾപ്പെടുന്ന പ്ലോട്ടിന് ലേഔട്ട് അനുമതിയ്ക്കായി ശ്രീ ജിതിൻ ബാബു സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019 ചട്ടം 30 പ്രകാരം താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമാണം കെ.പി.ബി.ആർ.2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം

2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.

3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തിയിരിയ്ക്കണം.

4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.

6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്.

7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസി കൾക്ക് ദോഷമുണ്ടാകരുത്.

8. കെ പി ബി ആർ 2019 ചട്ടം 47 (1 ) പ്രകാരം പെട്രോൾ ടാങ്കിന്റെയും vent –pipe ന്റെയും സ്ഥാനവും നിർമ്മാണവും 2002 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്

9. നിർമാണം കെ.പി.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തണം.

10. നിർദിഷ്ട നിർമ്മാണം Pollution control board, Fire and Rescue service, District Collector എന്നിവരിൽ നിന്നും ലഭ്യമായിരുന്ന No Objection Certificate ലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്.

11. കെ.പി.ബി.ആർ.2019 ചട്ടം 26(8) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ / സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കരുത്.

13. കെ.പി.ബി.ആർ.2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**43 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
നന്ദിയോട് ഗ്രാമപഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
1)Sri jithin Babu
Ambady House
Ayyappankuzhy
Paruthikuzhy P.O

2)കരുതൽ ഫയൽ